# CURRENT AFFAIRS 04 APR 2025

- **പ്രധാനമന്ത്രിയുടെ പുതിയ സാമ്പത്തിക ഉപദേഷ്ടാവായി നിയമിതനായത്**
  സഞ്ജയ് കുമാർ മിശ്ര



സഞ്ജയ് കുമാർ മിശ്ര

---

- **ആറാമത് ബിംസ്റ്റെക് ഉച്ചകോടിയുടെ വേദി**
  ബാങ്കോക്ക്, തായ്‌ലാൻഡ്
  - ബേ ഓഫ് ബംഗാൾ ഇനീഷിയേറ്റീവ് ഫോർ മൾട്ടി സെക്ടറൽ ടെക്നിക്കൽ ആൻഡ് എക്കണോമിക്കൽ കോർപ്പറേഷൻ (Bay of Bengal Initiative for Multi-Sectoral Technical and Economic Cooperation) എന്നതിന്റെ ചുരുക്കെഴുത്താണ് ബിംസ്റ്റെക് (BIMSTEC).
  - ഏഴ് അംഗരാഷ്ട്രങ്ങളടങ്ങിയ ബിംസ്റ്റെക് പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ ബംഗാൾ ഉൾക്കടലിനോട് ചേർന്ന് കിടക്കുന്ന ഏഴ് രാഷ്ട്രങ്ങളുടെ കൂട്ടായ്മയാണ്.
  - ബംഗ്ലാദേശ്, ഭൂട്ടാൻ, ഇന്ത്യ, മ്യാൻമാർ, നേപ്പാൾ, ശ്രീലങ്ക, തായ്‌ലാൻഡ് എന്നീ രാജ്യങ്ങളാണ് അംഗങ്ങൾ.




---

- **രാജ്യത്ത് അനധികൃത കുടിയേറ്റം തടയുക ലക്ഷ്യമിട്ട് കുടിയേറ്റ നിയമങ്ങൾ പരിഷ്കരിക്കുന്നതിനും ഏകീകരിക്കുന്നതിനുമുള്ള ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025 രാജ്യസഭയിൽ അവതരിപ്പിച്ചത്**
  നിത്യാനന്ദ റായ് (കേന്ദ്ര ആഭ്യന്തര സഹമന്ത്രി)
  - 2025 മാർച്ച് 27 ന് ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025 ലോക്സഭ പാസാക്കി.
  - 2025 ഏപ്രിൽ 2 ന് രാജ്യസഭ ശബ്ദവോട്ടോടെ ബിൽ പാസാക്കി.



നിത്യാനന്ദ റായ്

---

- **സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾക്ക് അനുമതി നൽകുന്ന ബിൽ നിയമസഭയിൽ അവതരിപ്പിച്ചത്**
  ആർ. ബിന്ദു (ഉന്നത വിദ്യാഭ്യാസ മന്ത്രി)



ആർ. ബിന്ദു

---

- **കൃത്യമായ വിള ഡാറ്റ ശേഖരണം ഉറപ്പാക്കാൻ കൃഷി, കർഷക ക്ഷേമ മന്ത്രാലയം ആരംഭിച്ച സംവിധാനം**
  ഡിജിറ്റൽ ക്രോപ്പ് സർവേ (ഡിസിഎസ്)

---

- **അരുണാചൽ പ്രദേശിലെ ഈസ്റ്റേൺ കമാൻഡിന് കീഴിൽ ഇന്ത്യൻ സൈന്യം നടത്തിയ ട്രൈ-സർവീസ് സംയോജിത മൾട്ടി-ഡൊമെയ്ൻ യുദ്ധാഭ്യാസം**
  പ്രചണ്ഡ് പ്രഹാർ

